സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കാർഷിക മൊത്ത വ്യാപാര വിപണികൾ വട്ടവട, കാന്തല്ലൂർ കർഷക സൊസൈറ്റികൾ, പ്രിയദർശിനി കർഷക സംഘം, വയനാട്, പാലക്കാട് എന്നിവിടങ്ങളിൽനിന്നെല്ലാം ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ച് പൊതുവിപണിയിലെ വിലയെക്കാൾ വില കുറച്ച് ഹരിത ഔട്ട്ലെറ്റുകളിലൂടെയും മൊബൈൽ യൂണിറ്റുകളിലൂടെയും ഉപഭോക്താക്കൾക്ക് ലഭ്യമാക്കിവരുന്നു.

(ബി) വ്യക്തമാക്കാം. 2012-13-ൽ പച്ചക്കറി വികസന പദ്ധതി പ്രകാരം 159049.42 ടൺ പച്ചക്കറി ഉല്പാദിപ്പിച്ചിട്ടുണ്ട്. ഇതിൽ 70212.69 ടൺ പച്ചക്കറി വിവിധ ഏജൻസികളും മാർക്കറ്റുകളും വഴി വിറ്റഴിച്ചിട്ടുണ്ട്. 2013-14-ൽ 310002 ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും 99137 ടൺ പച്ചക്കറികൾ വിറ്റഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള നടപ്പിലാക്കുന്ന വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് (വി.ഐ.യു.സി) പദ്ധതി വഴി ശരാശരി 119600 മെട്രിക് ടൺ പച്ചക്കറികൾ വിവിധ ജില്ലകളിലായി ഉല്പാദിപ്പിക്കുകയും വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിലെ കർഷകർ ഈ സർക്കാരിന്റെ കാലയളവിൽ 1005697 മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിച്ചിട്ടുണ്ട്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ചില്ലറ വില്പനശാലകൾ വഴിയും സ്വാശ്രയ കർഷക സമിതികൾ വഴിയും 2 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ വിറ്റഴിച്ചിട്ടുണ്ട്. 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 5791 ടൺ, 13862 ടൺ, 14291 ടൺ പച്ചക്കറികൾ ഹോർട്ടികോർപ്പ് സംസ്ഥാനത്തിനകത്ത് നിന്നും സംഭരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ നെൽകൃഷി

153(3437) ശ്രീ. എം. ഹംസ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിശദാംശം താലൂക്കടിസ്ഥാനത്തിൽ നൽകാമോ ;

(ബി) നെൽകർഷകർ കാലികമായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് പഠനം നടത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ ആരാണ് പഠനത്തിന് നേതൃത്വം നൽകിയത് വിശദാംശം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് കർഷകർക്ക് നൽകിവരുന്നത് ; വിശദാംശം നൽകാമോ ; 1-7-2011 മുതൽ 31-10-2014 വരെ എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് നൽകിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി താലൂക്കടിസ്ഥാനത്തിൽ ഇപ്രകാരമാണ്.

പാലക്കാട്	-	8732 ഹെക്ടർ
ആലത്തൂർ	-	13005 ഹെക്ടർ
ചിറ്റൂർ	-	13488 ഹെക്ടർ
പട്ടാമ്പി	-	1313 ഹെക്ടർ
ഒറ്റപ്പാലം	-	2218 ഹെക്ടർ
മണ്ണാർക്കാട്	-	94 ഹെക്ടർ
ആകെ		38850 ഹെക്ടർ (ഒരു സീസണിൽ)

(ബി) നെൽ കർഷകർ കാലികമായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക പഠനം ഒന്നും നടത്തിയിട്ടില്ല. എന്നൽ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരും കൃഷി ഉദ്യോഗസ്ഥരും കർഷകരും തമ്മിലുള്ള മുഖാമുഖം പരിപാടികളിൽ നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും പരിഹാരം കാണുകയും ചെയ്യാറുണ്ട്. കൂടാതെ ജില്ലാകളക്ടർ ചെയർമാനായുള്ള വിവിധ കമ്മിറ്റികളിലും ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണാറുണ്ട്.

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ കർഷകർക്ക് ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. സുസ്ഥിര നെൽകൃഷി പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ആർ.കെ.വി.വൈ. പദ്ധതി, സൗജന്യ വൈദ്യുതി നെൽകൃഷി ഉല്പാദന ബോണസ് എന്നീ പദ്ധതികൾ നെൽകൃഷിക്കായി നടപ്പിലാക്കിവരുന്നുണ്ട്. 2011-12 മുതൽ 2014-15 വരെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2011-12(പദ്ധതി)	തുക (ലക്ഷം രൂപ)
സുസ്ഥിര നെൽകൃഷി വികസനം	1005.02763
സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി	15.744
സ്ത്രീ പങ്കാളിത്തത്തോടെ നെൽകൃഷി	15.60
ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി	228.28
സൗജന്യ കാർഷിക വൈദ്യുതി	652.39523
നെൽകൃഷി ഉല്പാദന ബോണസ്	444.70219
2012-13	
സുസ്ഥിര നെൽകൃഷി വികസനം	1465.96306
ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി	136.73
ആർ.കെ.വി.വൈ. നെൽകൃഷി	1103.2605
തരിശ്ശു നില കൃഷി	14.88412
സൗജന്യ കാർഷിക വൈദ്യുതി	930.97
നെൽകൃഷി ഉല്പാദന ബോണസ്	448.12108
2013-14	
സുസ്ഥിര നെൽകൃഷി	1408.912
ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി	88.88
ആർ.കെ.വി.വൈ. പദ്ധതി	2180.69
സൗജന്യ കാർഷിക വൈദ്യുതി	925.00
നെൽകൃഷി ഉല്പാദന ബോണസ്	392.699

2014-15

സുസ്ഥിര നെൽകൃഷി	1199.5
ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി	193.93
നെൽകൃഷി ഉല്പാദന ബോണസ്	591.00
സൗജന്യ കാർഷിക വൈദ്യുതി	1000.00
ആർ.കെ.വി.വൈ. നെൽകൃഷി	2175.00
തരിശ്ശു നില കൃഷി	20.70

കുളങ്ങൾ നന്നാക്കുന്ന പദ്ധതി

154 (3438) ശ്രീ. സി. കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിന്റെ കീഴിൽ കുളങ്ങൾ നന്നാക്കുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ വടകര നിയോജക മണ്ഡലത്തിൽ ഏതെങ്കിലും സ്ഥലത്ത് കുളങ്ങൾ നവീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

(ബി) കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുന്ന അവസരത്തിൽ വേനൽകാലത്ത് കൃഷിക്ക് സഹായിക്കുന്ന വടകര മണ്ഡലത്തിലെ പ്രധാനപ്പെട്ട ക്ഷേത്രക്കുളങ്ങൾക്ക് ഏതെങ്കിലും നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ പരിശ്രമിക്കുന്ന ഹരിതസംഘങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം കൃഷിവകുപ്പ് അനുവദിക്കുമോ ?

ഉത്തരം

(എ) മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിനുകീഴിൽ കൂട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ 3 ജില്ലകളിൽ കുളങ്ങൾ നന്നാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കോഴിക്കോട് ജില്ലയ്ക്കായി കുളങ്ങൾ നവീകരണത്തിന് പ്രത്യേക പദ്ധതിയൊന്നും നിലവിലില്ലാത്തതിനാൽ വടകര നിയോജകമണ്ഡലത്തിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly